(എച്ച്) മെത്രാപ്പോലിത്തയ്ക്കു നേരെ സാമൂഹ്യവിരുദ്ധർ വധശ്രമം നടത്തിയെന്നും, ആയതിന് ആവശ്യമായ നടപടി എടുക്കുമെന്നും, പുത്തൻകുരിശ് സബ് ഇൻസ്പെക്ടർ പ്രതികളെ രക്ഷിക്കാൻ ശ്രമിക്കുന്നു എന്നുംമറ്റും.

(ഐ) അന്വേഷണത്തിൽ വധശ്രമം നടത്തിയിട്ടില്ലയെന്നും, എന്നാൽ മരണഭയം ഉണ്ടായതായി വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രതികൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസ്സിൽ അതിനാസ്പദമായ സെക്ഷൻകൂടി ചേർത്ത് കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്. എസ്.ഐ.ക്കെതിരെയുള്ള പരാതി വാസ്തവ വിരുദ്ധമാണെന്ന് അറിവായതിനാൽ മറ്റ് നടപടികൾ സ്വീകരിച്ചിട്ടില്ല.

(ജെ) പുത്തൻകുരിശ് പോലീസ് സബ്ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. ആർ. അനിൽകുമാർ, സുമോമോട്ടോ ആയി കേസ് രജിസ്റ്റർ ചെയ്യുകയും പുത്തൻകുരിശ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ ആയിരുന്ന ശ്രീ. കെ. ബി. വേണുഗോപാൽ അന്വേഷണം നടത്തുകയും ചെയ്തിട്ടുണ്ട്.

ഹരിഹരന്റെ കൊലപാതകം

78 (78) ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരത്ത് നാലാഞ്ചിറയ്ക്ക് സമീപം വച്ച് ബസ് യാത്രക്കാരനായ ഹരിഹരനെ പിടിച്ചിറക്കി കുത്തികൊലപ്പെടുത്തിയ കേസ് അന്വേഷണം ഏതുവരെയായി എന്ന് വെളിപ്പെടുത്താമോ ;

(ബി) കൊലപാതകികളെ തിരിച്ചറിഞ്ഞിട്ടുണ്ടോ ;

(സി) കൊലപാതകം കാരണം കണ്ടെത്തിയിട്ടുണ്ടോ ;

(ഡി) കേസന്വേഷണം ഊർജ്ജിതപ്പെടുത്തി പ്രതികളെയെല്ലാം അറസ്റ്റുചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ഇ) കുടുംബനാഥന്റെ അവിചാരിതമരണം അനാഥമാക്കിയ കുടുംബത്തിന് സഹായം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അന്വേഷണം തുടർന്നു വരുന്നു.

(ബി) ഉണ്ട്.

(സി) ഉണ്ട്.

(ഡി) ഈ കേസിൽ അഞ്ച് പ്രതികൾ ഉൾപ്പെട്ടിട്ടുണ്ട്. ഒളിവിലായ അഞ്ചാം പ്രതി ഒഴികെ ബാക്കിയുള്ള നാലുപേരെയും അറസ്റ്റുചെയ്തിട്ടുണ്ട്. ഒളിവിലായ പ്രതിയെ പിടിക്കാനുള്ള അന്വേഷണം ഊർജ്ജിതമായി നടത്തി വരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly